II ഇ.ബി. XIII- കേരള നിയമസഭ/IV-1

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 മാർച്ച് 05, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

**1 (*1) കേരള പൊതുവഴികൾ (സംഘം ചേരലും ജാഥകളും നിയന്ത്രണം) നിയമം നടപ്പിൽ വരുത്തുന്നതിന് നടപടി**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, പൊതുപാതകൾ ഉപയോഗിക്കാനുള്ള ജനങ്ങളുടെ അവകാശങ്ങൾ, പൊതുപാതകളിലെ സംഘം ചേരൽ, ജാഥകൾ എന്നിവയിൽ ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) നിയമം 18-02-2011-ൽ നിലവിൽ വരികയുണ്ടായിയെന്ന് സഭയെ അറിയിച്ചു. മേൽ നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റീഷനുകളിന്മേലുണ്ടായ കേരള ഹൈക്കോടതി വിധിയിലൂടെ പ്രസ്തുത നിയമത്തിലെ 3,4,5 വകുപ്പുകളിലെ

വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏർപ്പെടുത്തിയ സ്റ്റേ ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ബന്ധപ്പെട്ട ഹൈക്കോടതി/സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി നിലവിലുള്ള നിയമങ്ങളും കേരള പോലീസ് ആക്ടിലെ 76, 79 എന്നീ വകുപ്പുകളും അനുസരിച്ച് പൊതുയോഗങ്ങളും ജാഥകളും മതപരവും ദേശീയവുമായ ഉത്സവങ്ങളും ഇപ്പോൾ നിയന്ത്രിച്ചുവരുന്നുണ്ടെന്നും ഉത്സവങ്ങളും മത പരമായ ചടങ്ങുകളും നിയന്ത്രിക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലീസി നുണ്ടെന്നും ഇക്കാര്യത്തിൽ പോലീസിന് വിവേചനാധികാരം നൽകിയി ട്ടില്ലെന്നും മുഖ്യമന്ത്രി അറിയിച്ചു. എസ്.എൽ.പി.യിന്മേലുള്ള സുപ്രീം കോടതി വിധി വന്നശേഷം ആവശ്യമെങ്കിൽ പുതിയ നിയമനിർമ്മാണം നടത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണെന്നും സംസ്ഥാനത്ത് നിലവിലുള്ള സംഘടനാ സ്വാതന്ത്ര്യം പൂർണ്ണമായും സംരക്ഷിക്കപ്പെടുമെന്നും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നതല്ലാതെ ഭരണഘടനാപരമായ അവകാശങ്ങൾ ഹനിക്കുക എന്നുള്ളതല്ല ഈ നിയമം കൊണ്ടുദ്ദേശിക്കു ന്നതെന്നും ആറ്റുകാൽ പൊങ്കാല ഉത്സവത്തോടനുബന്ധിച്ചുള്ള ക്രമീകരണ ങ്ങളുടെ നടത്തിപ്പിന് നിലവിലുള്ള വ്യവസ്ഥകൾമൂലം തടസ്സങ്ങളുണ്ടാകാതി രിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന പൊതുയോഗങ്ങളും ജാഥകളും നിശ്ചിത സ്ഥലത്തും നിശ്ചിത സമയത്തും നടത്തണമെന്ന ആശയം ഗവൺമെന്റിന് സ്വീകാര്യമാണെങ്കിലും ഇക്കാര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായ സമന്വയവും സഹകരണവും ആവശ്യമാണെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2) <u>ആധാർ പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 'ആധാർ' പദ്ധതി പ്രകാരം കേരളത്തിൽ ഇതിനോടകം 62 ലക്ഷം പേരുടെ എൻറോൾമെന്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും കേന്ദ്ര നിർദ്ദേശപ്രകാരം 2012 ഫെബ്രുവരി 16 മുതൽ മാർച്ച് 31 വരെ ഈ പദ്ധതിയുടെ പ്രവർത്തനം താല്ക്കാലികമായി നിർത്തിവച്ചിരുന്നുവെങ്കിലും കേരളത്തിൽ എൻറോൾമെന്റുമായി മുന്നോട്ട് പോകാമെന്നുള്ള നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഒരാഴ്ചയ്ക്കകം തുടങ്ങുന്നതാണെന്നും സഭയെ അറിയിച്ചു. കേരളത്തിൽ യു.ഐ.ഡി.എ.-യുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ഐ.ടി. വകുപ്പാണ്. ഗ്രാമപ്രദേശങ്ങളിൽ അക്ഷയ കേന്ദ്രങ്ങളും നഗരപ്രദേശങ്ങളിൽ കെൽട്രോണും സ്കൂളുകളിൽ ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ടും മുഖേന എൻറോൾമെന്റ് നടത്തുകയെന്നതാണ് തീരുമാനമെങ്കിലും അക്ഷയകേന്ദ്രങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക എന്നതാണ് ഗവൺമെന്റിന്റെ സമീപനമെന്നും ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കി കുറ്റമറ്റരീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇൻഡ്യയിലെ 122 കോടി ജനങ്ങളുടെയും പ്രാഥമിക/ബയോമെട്രിക് വിവരങ്ങൾ ഉൾപ്പെടുത്തുന്ന ആധാർ പദ്ധതി പ്രകാരം ഓരോ വ്യക്തിക്കും നൽകുന്ന തിരിച്ചറിയൽ നമ്പറിലൂടെ അവരെ സംബന്ധിക്കുന്ന പ്രാഥമിക വിവരങ്ങൾ അറിയാൻ സാധിക്കും. എന്നാൽ യൂണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി നടത്തുന്ന വിവര ശേഖരണം വ്യക്തികളുടെ സ്വകാര്യതയെ ദോഷകരമായി ബാധിക്കുകയില്ലെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും സുരക്ഷാ പ്രശ്നങ്ങളുള്ളതായി കേന്ദ്ര

ആഭ്യന്തര മന്ത്രാലയം അറിയിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. തദ്ദേ ശീയരായ ജനങ്ങളുടെ എൻറോൾമെന്റ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവാസി കൾക്കുകൂടി ആധാർ കാർഡ് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

**3 (*3) <u>വിദേശ വായ്പകളും രൂപയുടെ മൂല്യത്തകർച്ചയും</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, രൂപയുടെ മൂല്യത്തിൽ ഉണ്ടാകുന്ന വ്യത്യാസം സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിക്കുന്നുണ്ടെന്നും രൂപയ്ക്ക് മൂല്യശോഷണം സംഭവിക്കുമ്പോൾ കേരളത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രവാസികളിൽ നിന്ന് വർദ്ധിച്ച നിക്ഷേപം കേരളത്തി ലേയ്ക്ക് എത്താറുണ്ടെന്നും വിദേശ വായ്പകൾ വഴിയുള്ള രൂപയുടെ ഒഴുക്ക് വർദ്ധിക്കുകയും പദ്ധതി നിർവ്വഹണത്തിന് ഗുണമുണ്ടാകുകയും കയറ്റു മതിയെ പ്രോത്സാഹിപ്പിക്കുകയും ഇറക്കുമതിയെ പ്രതികൂലമായി ബാധിക്കു ന്നുണ്ടെന്നും സഭയെ അറിയിച്ചു. ഡോളർ അടിസ്ഥാനത്തിലുള്ള 'ബാക്ക് റ്റു ബാക്ക്' വായ്പകളും 70% വായ്പയായും 30% ഗ്രാന്റായും ലഭിക്കുന്ന രൂപയുടെ അടിസ്ഥാനത്തിലുള്ള സാധാരണ വായ്പകളുമാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കുന്ന വിദേശ വായ്പകൾ. രൂപയ്ക്ക് മൂല്യശോഷണം സംഭവിക്കുമ്പോൾ 'ബാക്ക് റ്റു ബാക്ക്' വായ്പകളുടെ തിരിച്ചടവിൽ അധികബാധ്യത ഉണ്ടാകുന്നുണ്ടെന്നും മൂല്യത്തകർച്ചമൂലം വിദേശ വായ്പയുടെ തിരിച്ചടവിൽ ലാഭം ഉണ്ടാകുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. രൂപയുടെ മൂല്യം മെച്ചപ്പെടുമ്പോൾ വിനിമയ നിരക്കിലുള്ള

വ്യത്യാസംമൂലം വിദേശ വായ്പയിൽ കുറവുണ്ടാകുകയും അത് വിദേശ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് പര്യാപ്ത മാകാതെ വരികയും വിദേശ വായ്പ തിരിച്ചടവ് ബാദ്ധ്യതയിൽ കുറവുണ്ടാ കുകയും ചെയ്യുമെന്നും ഇറക്കുമതിയെ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. വിദേശ വായ്പകളുടെ ലഭ്യത, ഉപയോഗക്ഷമത, തിരിച്ചടവ് എന്നീ കാര്യങ്ങളിൽ മൂല്യത്തകർച്ച ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ പ്രത്യേക പഠനം നടത്തിയിട്ടില്ല. ഇസ്ലാമിക് ബാങ്കിൽ നിന്ന് വായ്പയെടുക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റിയുള്ള പഠന റിപ്പോർട്ട് കിട്ടിയശേഷം അക്കാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**4 (*4) <u>മദ്യനയം</u>**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, മദ്യത്തെ മുഖ്യ വരുമാന സ്രോത സ്സായി കണക്കാക്കാതെ മദ്യത്തിന്റെ അമിത വ്യാപനം തടഞ്ഞും ലഭ്യത കുറച്ചും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും മദ്യവർജ്ജനം നടപ്പി ലാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുതകുന്ന ആശയങ്ങൾ ഉൾക്കൊ ള്ളിച്ചുകൊണ്ടുള്ള, ജനനന്മ ലക്ഷ്യമാക്കിയ മദ്യനയമാണ് 2011-12 വർഷത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. അമിത മദ്യവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ ടൂറിസ്റ്റ് സെന്ററുകളിലേതുൾപ്പെടെയുള്ള 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടതില്ലെന്ന നിലവിലുള്ള നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ബാർ ലൈസൻസ് നൽകുന്നതിന് പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അധികാരം

നൽകുന്ന 224, 444 എന്നീ വകുപ്പുകൾ പുന:സ്ഥാപിച്ചുകൊണ്ടുള്ള നിയമ ഭേദഗതി തീരുമാനിച്ചിട്ടുണ്ടെന്നും ഈ സമ്മേളത്തിൽത്തന്നെ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന് വിധേയമായി മാത്രമേ ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളൂവെന്ന് ഉപ ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1 മുതൽ 333 വരെയുള്ള ചോദ്യങ്ങളിൽ 133 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)